കേരള പോലീസ്
KERALA POLICE

# Salute to the Bravehearts




കേരളത്തിൽ കഴിഞ്ഞ മാസം ആകമാനം ഉണ്ടായ മഹാപ്രളയത്തിലും കാലവർഷക്കെടുതിയിലും മറ്റ് ജില്ലകളിലെന്നപോലെ കോട്ടയം ജില്ലയിലും ജനങ്ങളുടെ ജീവനും സ്വത്തിനുംവലിയ നാശമാണ് വിതച്ചത് . ജില്ല പോലീസ് വളരെ ജാഗരൂഗമായ പ്രവർത്തനമാണ് കാഴ്ച വച്ചത് .ഇതിനായി 800 ൽ പരം പോലീസ് ഉദ്യോഗസ്ഥർ രാപകലില്ലാതെ അശ്രാന്തം പരിശ്രമിച്ചു. വെള്ളം കൂടുതൽ കയറുവാൻ സാധ്യത യുള്ള പ്രാദേശങ്ങൾ മുൻകൂട്ടി മനസിലാക്കി ഉച്ചഭാഷിണി മുഖാന്തിരം അറിയിപ്പ് നൽകിയതിനാൽ ജനങ്ങൾക്ക് കൂടുതൽ മുൻകരുതലുകൾ എടുക്കുവാൻ സാധിച്ചു. പ്രളയത്തിന്റെ കാഠിന്യം ഏറിവന്ന സാഹചര്യത്തിൽ സുരക്ഷിതമായ സ്ഥലങ്ങൾ കണ്ടെത്തി ദുരിതാശ്വാസ ക്യാ മ്പ്കൾ തുടങ്ങുകയും പ്രസ്തുത സ്ഥലങ്ങളുടെ സുരക്ഷക്രമീകരണങ്ങൾ സമയ ബന്ധിതമായി നടപ്പിൽ വരുത്തുകയും ചെയ്തു .

ആലപ്പുഴ ജില്ലയിലെ കുട്ടനാട്,രാമങ്കരി,കാവാലം,പുള്ളിങ്കുന്നു, നെടുമുടി ,തുടങ്ങിയ ഉൾപ്രദേശങ്ങളിൽ കുടുങ്ങി കിടന്ന നിരാലംബരായ പതിനായിരക്കനക്കിനു ആളുകളെ ടിപ്പർ ,ടോറെസ് ലോറികളിലും ,ട്രാക്ടർ,ബോട്ട് ,വള്ളങ്ങൾ മുതലായ വാഹനങ്ങളിൽ ചങ്ങനാശേരിയിൽ എത്തിക്കുകയും സ്പെഷ്യൽ കണ്ട്രോള്റൂം മുഖേന വിവരങ്ങൾ ശേഖരിച്ചു അവരുടെ ബന്ധുക്കളെ അറിയിക്കുവാൻ സഹായിക്കുകയും, മറ്റുള്ളവരെ ദുരിതാശ്വാസ ക്യാമ്പിൽ മാറ്റുവാനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു . ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞുവരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി കൂടുതൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെയടക്കം ഡ്യൂട്ടി യിൽ നിയോഗിച്ചു ക്യാ മ്പ് കളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സാധിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 600ൽ പരം പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു ജനങ്ങളുടെ വീടും പരിസരവും വാസയോഗ്യമാക്കുന്നതിനായി ദിവസങ്ങളോളം രാപകലില്ലാതെ പ്രവർത്തിച്ചു. ഇതിനെല്ലാം ഉപരിയായി ജനങ്ങൾ ക്യാമ്പ് കളിൽ നിന്നും തിരിച്ചു അവരുടെ വീടുകകളിലേക്ക് മടങ്ങുമ്പോൾ എടുക്കേണ്ട മുൻകരുതലുകളും അതുപോലെ തന്നെ ശുചീകരണ പ്രവർത്തനങ്ങലിൽ ഏർപ്പെടുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങലേയും കുറിച്ച് ജനങ്ങക്ക് വേഗത്തിൽ മനസ്സിലാകാവുന്ന തരത്തിൽ “ രണ്ടാമൂഴം “ എന്ന പേരോടുകൂടി ഹ്രസ്വ ചിത്രം തയ്യാറാക്കി. ആയതു നവമാധ്യ മങ്ങൾ അടക്കം ഏറ്റെടുത്തുപ്രച്ചരിപ്പിച്ചതുമൂലം കേരളത്തിൽ മുഴുവനും നല്ല പ്രചാരണം നൽകുന്നതിന് സാധിച്ചു. ഇതിനുപുറമേ 400 ൽ പരം പോലീസ് ഉദ്യോഗസ്ഥർനേരിട്ട് ശുചീകരണ പ്രവർത്തനങ്ങലിൽ ഏർപ്പെട്ടു. ഇത്തരത്തിലുള്ള കോട്ടയം ജില്ലാ പോലീസിൻറെ കൂട്ടായ പ്രവർത്തനമികവ് കണക്കിലെടുത്ത് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ ഉപഹാരം 01.09.2018 തീയതി യിൽ സംസ്ഥാനപോലീസ് മേധാവിയിൽ നിന്നും ജില്ലാ പോലീസ് മേധാവി ശ്രീ .ഹരിശങ്കർ IPS കൈപ്പറ്റി.